കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാലമേൽ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.3/807/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.30.12.2020
ഫോൺ – 0477 2252753
ഇ-മെയിൽ : doalp.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാലമേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- പാലമേൽ ഗ്രാമപഞ്ചായത്ത്- 2018 -19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ എല്ലാ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി.3/807/2020 തീയതി: 30.12.2020

# ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2019 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
| 19.11.2020 മുതൽ 30.11.2020 വരെ | ശ്രീമതി സജിതാ ദാസ്,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി ദീപ. കെ.ഗോപാൽ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സുഷ.റ്റി. പിള്ള,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷിബു.എ.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ഓമന വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീമതി കെ.എസ്.ഷീബ | 01.04.2018 മുതൽ 16.04.2018 വരെ |
| ശ്രീ.അൻവർ റഹ്മാൻ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ് ) | 17.04.2018 മുതൽ 30.04.2018 വരെ |
| ശ്രീമതി കെ.എസ്.ഷീബ | 01.05.2018 മുതൽ 24.05.2018 വരെ |
| ശ്രീ.അൻവർ റഹ്മാൻ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) | 25.05.2018 മുതൽ 21.06.2018 വരെ |
| ശ്രീമതി സേതുകുമാരി. യു, ജൂനിയർ സൂപ്രണ്ട് (ഇൻചാർജ്) | 22.06.2018 |
| ശ്രീ. കെ.ഐ.ഫൈസൽ, അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) | 23.06.2018 മുതൽ 03.07.2018 വരെ |
| ശ്രീമതി. ലതികാ. ജെ | 04.07.2018 മുതൽ 13.02.2019 വരെ |
| ശ്രീമതി നാസിലാ.സി.എ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ് ) | 14.02.2019 മുതൽ 20.02.2019 വരെ |
| ശ്രീ. മണിയപ്പൻ.പി. വി | 21.02.2019 മുതൽ 31.03.2019 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി ലളിത | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീമതി രാധിക | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. വിശ്വനാഥൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ധനകാര്യം | ശ്രീ. കെ. ബിജു | 01.04.2018 മുതൽ 31.03.2019 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അൻവർ റഹ്മാൻ | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ. ഫൈസൽ അഹമ്മദ് | 23.06.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി സേതുകുമാരി | 09.10.2018 മുതൽ 18.11.2018 വരെ |
| | ശ്രീമതി നാസില. സി. എ | 19.11.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ശാന്തി | 01.04.2018 മുതൽ 18.07.2018 വരെ |
| | ശ്രീമതി സന്ധ്യ | 19.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ. തനൂജ. എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പാർവ്വതി (എൻ.എച്ച്.എം) | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജോർജ്ജ് കുര്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ശ്രീലേഖ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സിജി സൂസൻ | 01.04.2018 മുതൽ 19.07.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി രാജശ്രീ. പി | 20.07.2018 മുതൽ<br>31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്,<br>ഗവ. യു.പി.എസ് | ശ്രീമതി ഷൈലജ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി കല.ജി.പ്രീത | 01.04.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ | ശ്രീമതി ഐശ്വര്യ | 01.04.2018 മുതൽ<br>19.12.2018 FN വരെ |
| | ശ്രീ.അനിൽ | 19.12.2018 AN മുതൽ<br>31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ | ശ്രീമതി ജൂഷി | 01.04.2018 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം -1 | | |
| 1 | 1-1 മുതൽ<br>1- 12 വരെ | പൊതു അവലോകനം |
| 2 | 1-13 | ആധുനിക ഹൈജീൻ ഫിഷ് മാർക്കറ്റ്-നിർമ്മാണം പൂർത്തിയാക്കി 2 വർഷമായിട്ടും പ്രവർത്തനം ആരംഭിച്ചില്ല |
| 3 | 1-14 | ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നില്ല |
| 4 | 1-15 | ലേല നടപടികളിലെ അപാകതകൾ സംബന്ധിച്ച് |
| 5 | 1-16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല |
| 6 | 1-17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 7 | 1-18 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| 8 | 1-19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ കോടികളുടെ നിക്ഷേപം |
| 9 | 1-20 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി- പദ്ധതി ലക്ഷ്യം കൈവരിച്ചല്ല |
| 10 | 1-21 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല , ചെലവ് തടസ്സപ്പെടുത്തുന്നു |
| 11 | 1-22 | അധികൃതരുടെ അനാസ്ഥയിൽ തൊഴിലുറപ്പ് പദ്ധതി താളം തെറ്റുന്നു |
| 12 | 1-23 | ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാതെ അതിനായി തുക പിൻവലിച്ചു |
| 13 | 1-24 | തണ്ടാനവിള കിഴക്കേമുക്ക് കടമാൻകുളം റോഡ് മെറ്റലിംഗ്,ടാറിംഗ് - പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല - PWD മാനുവൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |

| | | |
|---|---|---|
| 14 | 1-25 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 15 | 1-26 | വനിതകൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം - പ്രോജക്റ്റ് നിർവ്വഹണത്തിൽ ന്യൂനത |
| 16 | 1-27 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിയ്ക്കുന്നില്ല. |
| 17 | 1-28 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല |
| 18 | 1-29 | അഗതി ആശ്രയ പദ്ധതി - അവലോകനം |
| 19 | 1-30 | ലൈഫ് ഭവന പദ്ധതി - അവലോകനം |
| ഭാഗം -2 ഇല്ല | | |
| ഭാഗം-3 ഇല്ല | | |
| ഭാഗം -4 | | |
| | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | അനുബന്ധം.2 | |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 359137000 | 353522000 |
| വാർഷിക കണക്ക് പ്രകാരം | 141540002(മുന്നിരിപ്പ് ഉൾപ്പടെ) | 109614393 |

## 1-2 <u>വാർഷിക ധനകാര്യപത്രിക</u>

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 16.05.2019 |

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം</u>

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 <u>സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)</u>

| | |
|---|---|
| മുന്നിരിപ്പ് | 32368145 |
| | |

| | |
|---|---|
| വരവ് | 109171857 |
| ആകെ | 141540002 |
| ചെലവ് | 109614393 |
| നീക്കിയിരിപ്പ് | 31925609 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 22174916 | 22174916 | 20122651 | 2052265 |
| എസ്.സി. പി | 0 | 13460000 | 13460000 | 11079920 | 2380080 |
| ടി.എസ്.പി | 0 | 151000 | 151000 | 40000 | 111000 |
| സി.എഫ്. സി | 0 | 10201000 | 10201000 | 7290571 | 2910429 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 10304000 | 10304000 | 9653528 | 650472 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 4487000 | 4487000 | 3003432 | 1483568 |

പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് കാരണം 95.87 ലക്ഷം രൂപ ലാപ്സായി. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 205 | 178185259 | 61 | 90011671 | 58 | 86 | 58.04 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9790 | 1131000 | 1140790 | 1136250 | 4540 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 70949000 | 70949000 | 70949000 | |
| ആകെ | 9790 | 72080000 | 72089790 | 72085250 | 4540 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരണം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 395520 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 5867100 | 190 |
| വിധവാ പെൻഷൻ | 17642300 | 1034 |
| വാർദ്ധക്യകാല പെൻഷൻ | 35624100 | 2715 |
| വികലാംഗ പെൻഷൻ | 4704000 | 185 |
| അവിവാഹിത പെൻഷൻ | 745400 | 25 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 180000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2020 - ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6061/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ: ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും ഹാജർ മാത്രം. മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ മോണിട്ടറിംഗ് സമിതി നടത്തിയിട്ടില്ല.

ലോഗ് ബുക്ക് – ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും കൃത്യമായി പരിപാലിക്കുന്നില്ല. ബോർഡ് സ്ഥാപിക്കുന്നതിനായി തുക പിൻവലിച്ച് പിന്നീട് ക്യാഷായാണ് വിതരണം നടത്തുന്നത്. ഇപ്രകാരം തൊഴിലുറപ്പ് വിഭാഗം മുഖേന നടപ്പാക്കുന്ന പല പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതി നിയമം വിഭാവനം ചെയ്തതോ അനുശാസിക്കുന്ന രീതിയിലോ അല്ല എന്ന് വ്യക്തമാണ്.

ലേലം-ലേല നടപടിക്രമങ്ങളിൽ അധികൃതരുടെ അലംഭാവം വ്യക്തമാണ്. എല്ലാ കടമുറികളും സ്ഥാപനങ്ങളും ലേലം ചെയ്യുന്നില്ല. ലേലം ഉറപ്പിച്ച വ്യക്തികളുമായി യഥാസമയം കരാർ ഉടമ്പടി ചമച്ച് തുക ഈടാക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2020 | 04/2020 മുതൽ 09/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.10.2017 മുതൽ 27.10.2017 വരെ | 2012-13 മുതൽ 2016-17 വരെ | 29.11.2017 |

### 1-12 വാർഷികകണക്കിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ 29.06.2019-ലെ കെ.എസ്.എ/എ.എൽ.പി/പി.6-542/2019 നമ്പർ റിപ്പോർട്ടായി അറിയിച്ചിട്ടുള്ളതാണ്. അതിൽ പറഞ്ഞിരുന്ന അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല.

# 1-13 ആധുനിക ഹൈജീൻ ഫിഷ് മാർക്കറ്റ്-നിർമ്മാണം പൂർത്തിയാക്കി 2 വർഷമായിട്ടും പ്രവർത്തനം ആരംഭിച്ചില്ല

പാലമേൽ ഗ്രാമപഞ്ചായത്തിലെ ആദിക്കാട്ടുകുളങ്ങര ജംഗ്ഷനിൽ, പഞ്ചായത്തിന്റെ 206/6-ാം നം. റീസർവ്വേ വസ്തുവിൽ 554 ച.മീറ്റർ വലിപ്പം വരുന്ന മത്സ്യമാർക്കറ്റ് നിർമ്മിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ ധനസഹായത്താൽ നിർമ്മിച്ച ടി കെട്ടിടത്തിന്റെ താഴത്തെ നില 271.80 ചതുരശ്രമീറ്ററിലാണ് നിർമ്മിച്ചിരിയ്ക്കുന്നത്. മത്സ്യവ്യാപാരത്തിനുള്ള ഹാൾ, ഫ്രീസർ റൂം, ബാത്ത്റൂം എന്നിവ അടങ്ങിയതാണ് താഴത്തെ നില. 271.28 ച.മീറ്റർ വരുന്ന മുകളിലത്തെ നിലയിൽ സ്റ്റാളായി ഉപയോഗിയ്ക്കാവുന്ന 4 സ്റ്റാൾ റൂം, ഓഫീസു റൂം, വിശ്രമമുറി എന്നിവയുമുണ്ട്. നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 07-01-2019ൽ നിർമ്മാണം പൂർത്തിയാക്കി പാലമേൽ ഗ്രാമപഞ്ചായത്തിന് കൈമാറിയതാണ്(07/01/2019ലെ 106/B/KSCADC/2014 നം. കത്ത് പ്രകാരം). ടി കെട്ടിടത്തിന്റെ നമ്പറിംഗ് (07-01-2019 ലെ സി122/19) പൂർത്തിയായതുമാണ്. എന്നാൽ പണി പൂർത്തിയാക്കി കെട്ടിടം കൈമാറി രണ്ട് വർഷമാകാറായിട്ടും സ്ഥാപനം ലേലം ചെയ്തു കൊടുക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തിട്ടില്ല. ടി സ്ഥാപനം പ്രവർത്തിയ്ക്കാത്തത് സംബന്ധിച്ച് 26-11-2020 ലെ ഓഡിറ്റ് എൻക്വയറി 15 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ഷോപ്പിംഗ് കോംപ്ളക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നില്ല

പാലമേൽ പഞ്ചായത്തിലെ 2018-19 സാമ്പത്തികവർഷത്തിലെ വാടക രജിസ്റ്ററിന്റെ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിൽ ആകെ 4 ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുണ്ട്. ഇവയിൽ ആദിക്കാട്ടുകുളങ്ങരയിലെ ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറിയും, ആദിക്കാട്ടുകുളങ്ങരയിലെ തന്നെ 35 സ്റ്റാളുകളുള്ള മത്സ്യമാർക്കറ്റും വാടകയ്ക്ക് നൽകുന്നില്ല. ഇതിൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറി 2014/2015 മുതൽ വാടകയ്ക്ക് നൽകുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ (14/26-11-20) ഓഡിറ്റ് എൻക്വയറിക്ക്, ഷോപ്പിംഗ് കോംപ്ലക്സിലെ മുറിയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനാലും അറ്റകുറ്റപണികൾ ഉള്ളതിനാലുമാണ് വാടകയ്ക്ക് നൽകാത്തതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. 2014-15 വർഷം മുതൽ ഒരു മുറി അറ്റകുറ്റപണികൾ ചെയ്യാതെയും, വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാതെയും ഇട്ടിരിക്കുന്നത് തികഞ്ഞ അനാസ്ഥയാണ്. അറ്റകുറ്റപണികൾ നടത്തി വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ച് മുറി വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആദിക്കാട്ടുകുളങ്ങരയിലെ മത്സ്യമാർക്കറ്റ് 2018/19-ൽ പണി പൂർത്തീകരിച്ചതും മലിനജലം ഒഴുക്കിവിടാനുള്ള സംവിധാനം ഇല്ലാത്തതിനാലാണ് വാടകയ്ക്ക് നൽകാതിരുന്നതെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. മാത്രമല്ല 2019-20 കാലയളവിൽ ടി സ്റ്റാളുകൾ ലേലം നടന്നുവെങ്കിലും ലേലക്കാർ തമ്മിലുള്ള വാക്കുതർക്കം കാരണം ഭരണസമിതിയുടെ അംഗീകാരം ലഭിച്ചില്ല എന്നുമാണ് വിശദീകരിച്ചിരിക്കുന്നത്. തർക്കങ്ങൾ ഒഴിവാക്കി മലിനജലം ഒഴുക്കിവിടാനുള്ള സംവിധാനം നടപ്പാക്കി മത്സ്യമാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 ലേല നടപടികളിലെ അപാകതകൾ സംബന്ധിച്ച്

പാലമേൽ ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തികവർഷത്തിലെ ലേല നടപടിക്രമങ്ങളിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) <u>ലേലം സ്ഥിരപ്പെടുത്തിയിട്ടും എഗ്രിമെന്റിലേർപ്പെട്ടില്ല.</u>

2018-19 സാമ്പത്തിക വർഷത്തേക്കായി 24/03/2018 തീയതി 11 മണിക്ക് പഞ്ചായത്തിൽ വെച്ച് നടന്ന ലേലത്തിൽ പഞ്ചായത്ത് ഓഫീസ് പരിസരത്തെ തെങ്ങുകളിൽ നിന്നും മേലാദയം, 5300/- രൂപയ്ക്ക് ശ്രീ.അജയകുമാർ, അജയഭവനം എന്ന വ്യക്തിയാണ് ലേലം കൊണ്ടത്. ടി ലേലം 27/03/2018 ലെ രണ്ടാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്ററും, ലേല ഡയറിയും പരിശോധിച്ചതിൽ നിന്നും ടിയാൾ ഇ.എം.ഡി തുകയായ 250/-രൂപ (24/03/2018 ലെ 112010106246 നം. രസീത്) അടച്ച വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ലേല തുകയായ 5300/-രൂപ ഒടുക്കിയിട്ടില്ല. ലേലം കൊണ്ട വ്യക്തി പഞ്ചായത്തുമായി കരാർ ചമച്ചിരുന്നുമില്ല. ലേല രജിസ്റ്ററിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ ഗ്രാമപഞ്ചായത്തിലെ വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം ലേലം ചെയ്തതിൽ നിന്നും മൂന്ന് ലേലങ്ങളിൽ നിന്നായി 7550/- രൂപ ഡിമാന്റ് ചെയ്തിട്ടുള്ളതായും കളക്ഷനായി 2250/- രൂപ ലഭിച്ചതായും ബാലൻസ് തുകയായി 5300/- രൂപ അടയ്ക്കാനുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10), ശ്രീ. അജയകുമാർ ആദായം എടുക്കാൻ വന്ന സമയത്ത് നടത്തിയ പരിശോധനയിൽ തെങ്ങുകളുടെ എണ്ണം കുറവായിരുന്നതിനാലും ഉള്ള തേങ്ങകൾ മണ്ടരിബാധയുള്ളതിനാലുമാണ് കരാറിലേർപ്പെടാതിരുന്നതെന്ന് വാക്കാൽ അറിയിച്ചുവെന്നും, മേലാദായം കുറവായതിനാൽ ടിയാൻ കരാറിലേർപ്പെടാതിരുന്നത് മൂലമാണ് തുക പഞ്ചായത്തിൽ ഒടുക്കുവരുത്താത്തതെന്നുമാണ് വിശദീകരിച്ചിരിക്കുന്നത്. മേലാദായം കുറവാണ് എന്നത് എങ്ങനെയാണ് ലേലം ഉറപ്പിച്ച വ്യക്തിക്ക് മനസ്സിലായത് എന്ന് വ്യക്തമല്ല. മറുപടി അംഗീകരിക്കാവുന്നതല്ല. ലേല വ്യവസ്ഥ അനുസരിച്ച് ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ അടുത്ത പ്രവൃത്തിദിവസം മൂന്നു മണിക്ക് മുൻപായി ലേല തുക അടയ്ക്കേണ്ടതും അല്ലാത്തപക്ഷം പുനർലേലം ചെയ്ത് ഡെപ്പോസിറ്റ് തുക പഞ്ചായത്തിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ അറിയിപ്പ് കിട്ടി 3 ദിവസത്തിനകം 200/-

രൂപ മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ കരാർ എഴുതി പഞ്ചായത്തിന് നൽകേണ്ടതുമാണ്. എന്നാൽ ഈ നിയമങ്ങളൊന്നും ഇവിടെ പാലിച്ചിട്ടില്ല. മാത്രമല്ല ലേലത്തിൽ ഏർപ്പെടുന്നതിന് മുൻപ് തന്നെ ലേലം കൈക്കൊണ്ട വ്യക്തിയ്ക്ക് തനിയ്ക്ക് ലേലം ആദായകരമാണോ അല്ലയോ എന്ന് പരിശോധിയ്ക്കാമായിരുന്നു. ടിയാളുമായി കരാർ ചമയ്ക്കാതിരുന്നത് കാരണമാണ് ഈ തുക പഞ്ചായത്തിന് നഷ്ടമായത്. യഥാസമയം കരാർ ചമയ്ക്കാതിരുന്നത് കാരണം പഞ്ചായത്തിന് നഷ്ടമായ 5050/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭാവിയിൽ ലേല വ്യവസ്ഥകളനുസരിച്ച് തന്നെ ലേലം നടത്താൻ ശ്രദ്ധിയ്ക്കേണ്ടതും പഞ്ചായത്തിന് നഷ്ടമായ തുക തിരികെ ഈടാക്കേണ്ടതുമാണ്.

2.പുനർലേലം ചെയ്തില്ല

2017-18 സാമ്പത്തിക വർഷം പയ്യനല്ലൂർ താഴത്തേ മുക്കിൽ വെട്ടി സൂക്ഷിച്ചിട്ടുള്ള 13 ആഞ്ഞിലിത്തടികൾ ലേലം ചെയ്തിട്ട് ആരും ലേലം കൈക്കൊള്ളുകയോ ടി തടികൾ പിന്നീട് പുനർലേലം ചെയ്യുകയോ ചെയ്തിട്ടില്ല. ടി തടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും അവ പുനർലേലം ചെയ്യാഞ്ഞത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് അന്വേഷണം നം 10). ഇവയുടെ വാല്യുവേഷൻ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും അത് ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ ടി ആഞ്ഞിലി തടികൾ പഞ്ചായത്ത് വക തോട്ടിലാണ് വെട്ടിയിട്ടിരുന്നതെന്നും, കാലപ്പഴക്കത്താൽ അവ ജീർണ്ണിച്ച് പോയതിനാൽ ടി തടികൾ അവിടെ ഇല്ലെന്നുമാണ് റിപ്പോർട്ട് ചെയ്തിരിയ്ക്കുന്നത്. ടി തടികൾ യഥാസമയം പുനർലേലം നടത്താതിരുന്നതിന് കാരണം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമായി. പഞ്ചായത്തിന്റെ ആസ്തികൾ നശിച്ച് പോകാതിരിയ്ക്കാനും, ആദായം നഷ്ടമാവാതിരിയ്ക്കാനും ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

# 1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 1,2 |
| 2 | സൌപർണ്ണിക ഓഡിറ്റോറിയം,കുടനാട് | 1,2 |
| 3 | K.U.C.S ലിമിറ്റഡ്, ആപ്കോസ്, ആദിക്കാട്ടുകുളങ്ങര | 1,2 |
| 4 | വിഎസ്ഇ ഫിനാൻസിയേഴ്സ് | 2 |
| 5 | അഹല്യ മണി എക്സ്ചേഞ്ച്&ഫിനാൻഷ്യൽ സർവ്വീസസ് | 1, 2 |
| 6 | പൂവമ്പള്ളിൽ ഫിനാൻസ് ആദിക്കാട്ടുകുളങ്ങര | 1, 2 |
| 7 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് ബിൽ | 1, 2 |
| 8 | അഹല്യ മണി എക്സ്ചേഞ്ച് &ഫിനാൻഷ്യൽ സർവ്വീസസ് | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2018-19 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ ചുവടെ പേരു ചേർക്കുന്ന കരാറുകാരിൽ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് /വിലാസം |
|---|---|
| 1 | മുഹമ്മദ് ഹനീഫ, മണലാടിയിൽ, ആദിക്കാട്ടുകുളങ്ങര |
| 2 | ഗോപാലകൃഷ്ണക്കുറുപ്പ്, സുരേഷ്ഭവനം, കുടശ്ശനാട് |
| 3 | അജിത്ത് എസ്.മലയിൽ പുത്തൻവീട്, പയ്യനല്ലൂർ |
| 4 | ആകർഷ് കുമാർ, ജയഭവനം, പണയിൽ |
| 5 | കമറുദ്ദീൻ, മുണ്ടുതറയിൽ, പഴക്കുളം |
| 6 | വിനോദ്കുമാർ, കൃഷ്ണനിവാസ്, ഉളവുകാട് |
| 7 | ചന്ദ്രശേഖരനുണ്ണിത്താൻ, സൌപർണ്ണിക, മുതുക്കാട്ടുകര |
| 8 | വിജയകുമാർ, വടശ്ശേരികുന്നിൽ, കുരമ്പാല സൌത്ത് |
| 9 | പി.വിജയൻ, വിനോദ് ഭവനം, തൈയ്യിൽ, പള്ളിയ്ക്കൽ, ആനയടി |
| 10 | അജിത്ത് മലയിൽ, പുത്തൻവീട്, പയ്യനല്ലൂർ |
| 11 | ജോയിമാത്യു, പ്ലാത്തോട്ടത്തിൽ, പൂഞ്ഞാർ.പി.ഒ |

ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 ൽ ഇ-പേയ്മെന്റ് സംവിധാനം മുഖേന പ്രവൃത്തികൾക്കായി കരാറുകാർ ഇ-ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഒടുക്കിയ 106058/- രൂപ ഗ്രാമപഞ്ചായത്തിന്

തിരികെ ലഭിച്ചിട്ടില്ല. 2015-16 വർഷം മുതലുള്ള തുകകൾ ലഭിക്കേണ്ടതുണ്ട്. തുക ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ കോടികളുടെ നിക്ഷേപം

പാലമേൽ ഗ്രാമപഞ്ചായത്ത് വിവിധ കാലയളവുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി ഭൂജല വകുപ്പിൽ കോടികളുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സമയ ബന്ധിതമായി ഇവ പൂർത്തീകരിയ്ക്കാനുള്ള ഒരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2014 വർഷം മുതലുള്ള തുക നിക്ഷേപമായി തുടരുകയും 2018-19 ലെ വാർഷിക കണക്ക് പ്രകാരം 1,31,36,151/- രൂപ നീക്കിയിരിപ്പുമുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/തീയതി | പദ്ധതി | തുക |
|---|---|---|---|
| 1 | 21400647/30.10.2014 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി | 200000 |
| 2 | 215000995/31.03.2016 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി | 598547 |
| 3 | 21500996/31.03.2016 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി മെയിന്റനൻസ് | 19636 |
| 4 | 21600863/15.02.2017 | പ്രോജ.നം.102/17 | 115000 |
| 5 | 216001022/25.03.2017 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി/11/17 | 1258878 |
| 6 | 216001024/25.03.2017 | കൊച്ചപാലവിള കുടിവെള്ള പദ്ധതി/ 142/17 | 34090 |
| 7 | 21700887/31.03.2018 | തൈക്കാവ് കുടിവെള്ള പദ്ധതി/ 114/18 | 1200000 |
| 8 | 21700886/31.03.2018 | പാലവിള കുടിവെള്ള പദ്ധതി/ 128/18 | 1200000 |
| 9 | 21700895/31.03.2018 | പുതുപറമ്പ് കുടിവെള്ള പദ്ധതി/ 129/18 | 1200000 |
| 10 | 21700888/31.03.2018 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി/131/18 | 3000000 |
| 11 | 21700934/31.03.2018 | ചാമക്കാലകുടിവെള്ള പദ്ധതി/ 130/18 | 1200000 |
| 12 | 21700384/31.03.2018 | മലയിൽ കുടിവെള്ള പദ്ധതി/115/18 | 1200000 |
| 13 | 21801024/21.12.2018 | 88/19 | 1910000 |
| ആകെ | | | 13136151 |

മേൽ പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/27.11.2020) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതും അടിയന്തിര പ്രാധാന്യമുള്ളതുമായ കുടിവെള്ള പദ്ധതികൾ നിക്ഷേപം മാത്രമായി തുടരുന്നത് ആശാസ്യമല്ല. കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-20 പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം/പേര് : 88/പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി

അടങ്കൽ : 19,10,000/- (വികസന ഫണ്ട് എസ്.സി.പി)

ചെലവ് : 19,10,000/- (വികസന ഫണ്ട് എസ്.സി.പി)

ബിൽ നം . 05/24.12.2018

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥരായി 2017-18 കാലയളവിൽ ആരംഭിച്ചതും 2018-19 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി. ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, രണ്ടു വർഷങ്ങളിലുമായി ആലപ്പുഴ ഭൂജല വകുപ്പിൽ താഴെ പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | കോളനിയുടെ പേര് | എസ്റ്റിമേറ്റ് | 2017-18 ൽ നിക്ഷേപിച്ച തുക | 2018-19 ൽ നിക്ഷേപിച്ച തുക |
|---|---|---|---|---|
| 1 | കുറ്റിയിൽ കോളനി | 9,40,000 | 6,00,000 | 3,40,000 |
| 2 | ഇടയിലതുണ്ടിൽ | 9,90,000 | 6,00,000 | 3,90,000 |
| 3 | കടയ്ക്കാട്ട് | 9,70,000 | 6,00,000 | 3,70,000 |
| 4 | കുമാരപുരം -തട്ടുത്തുമല | 10,20,000 | 6,00,000 | 4,20,000 |
| 5 | തെന്നാക്കൽ- പാറക്കൂട്ടം | 9,90,000 | 6,00,000 | 3,90,000 |
| | | 49,10,000 | 30,00,000 | 19,10,000 |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് തുക നിക്ഷേപിച്ചതല്ലാതെ ആവശ്യമായ തുടർ നടപടികൾ ഒന്നും പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തും ഭൂജല വകുപ്പും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകുന്നു.

പദ്ധതിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണം നം.13/27.11.20 ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി ലക്ഷ്യം കൈവരിച്ചതായി വ്യക്തമല്ലാത്തതിനാൽ 2018-19 ൽ നിക്ഷേപിച്ച 19,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-21 പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.17/പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ

അടങ്കൽ : 325000 (ധനകാര്യ കമ്മീഷൻ അവാർഡ്)

675000 (തനതു ഫണ്ട്)

ചെലവ് : 675000 (തനതു ഫണ്ട്)

ചെക്ക് നം . 2763112/28.03.2019

2018-19 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിയ്ക്കൽ എന്ന പദ്ധതിയ്ക്കായി 10,00,000/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 6,75,000/- രൂപ തനതു ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് 28.03.2019 ൽ നിക്ഷേപിച്ചു. അടയ്ക്കുവാൻ ബാക്കിയുള്ള 325000/- രൂപ ഉൾപ്പടെ 10,00,000/- രൂപയുടെ രസീത് 30.04.2019 ൽ (അഡ്വാൻസ് രസീത്) വാട്ടർ അതോറിറ്റി നല്കിയിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം, 3,25,000 രൂപ അടച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.2/24.11.20) മറുപടിയിൽ 3,25,000/-രൂപ 2019 ജൂൺ മാസമാണ് അടച്ചതെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നല്കി എന്നും അറിയിച്ചു.

പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 2018-19 ലെ ചെലവായ 675000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അധികൃതരുടെ അനാസ്ഥയിൽ തൊഴിലുറപ്പു പദ്ധതി താളം തെറ്റുന്നു

2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണമായ ചുമതലയും ഉത്തരവാദിത്വവും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പാലമേൽ ഗ്രാമപഞ്ചായത്തിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ, രണ്ട് ഓവർസീയർ, മൂന്ന് അക്കൗണ്ടന്റ് – കം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിങ്ങനെ 6 ജീവനക്കാരാണ് തൊഴിലുറപ്പ് വിഭാഗം മുഖേനയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നത്.

2018-19 ലെ വർക്ക് രജിസ്റ്റർ പ്രകാരം ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണ്/കല്ല് കയ്യാല നിർമ്മാണം, തീറ്റപ്പുൽ വച്ചുപിടിപ്പിയ്ക്കൽ, കിണർ, ശുചിത്വ കക്കൂസ് നിർമ്മാണം എന്നിങ്ങനെ 270 ന മുകളിൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. തൊഴിലിനായി രജിസ്റ്റർ ചെയ്ത 4950 കുടുംബങ്ങളിൽ 2712 കുടുംബങ്ങൾക്ക് തൊഴിൽ നല്കിയിട്ടുമുണ്ട്. തൻ വർഷം ആകെ 245762 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേതനം, സാധനം, ഭരണചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 7,20,80,000/-രൂപയുടെ ചെലവുണ്ട്. എന്നാൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണ്.

<u>പൊതുവായ നിരീക്ഷണങ്ങൾ</u>

1. <u>ഫയലുകൾ കൃത്യമായി പരിപാലിയ്ക്കുന്നില്ല</u>

ഒരു പ്രവൃത്തിയുടെ ഫയൽ ക്രമീകരിയ്ക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരമല്ല ഫയൽ ക്രമീകരിച്ചിട്ടുള്ളത്. ഒട്ടു മിക്ക ഫയലുകളിലും പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എഴുതിയിട്ടില്ല. എഴുതിയവ തന്നെ അപൂർണ്ണമോ ആണ്. വളരെ ചുരുക്കം ഫയലുകളിൽ മാത്രമേ അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ.

2. മസ്റ്റർ റോൾ രജിസ്റ്റർ അപൂർണ്ണം

നടപ്പാക്കിയ പ്രവൃത്തികളിൽ ഒട്ടുവമിക്കവയിലും ഭരണാനുമതി ലഭിച്ച തുക, മസ്റ്റർ റോൾ വർക്ക് സൈറ്റിൽ നിന്നും തിരികെ ലഭിച്ച തീയതി, മസ്റ്റർ റോൾ ഏറ്റുവാങ്ങിയ ഉദ്യോഗസ്ഥന്റെ ഒപ്പ്/തീയതി എന്നിവ മസ്റ്റർ റോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്ക് കോഡ് മാത്രം എഴുതിയതായും കാണാം.

3. എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി പ്രവൃത്തികൾ നടപ്പാക്കുന്നു

അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി പ്രവർത്തികൾ നടപ്പാക്കുന്നതു മൂലം തൊഴിൽ ദിനങ്ങളിൽ കുറവു വരികയോ പദ്ധതി ലക്ഷ്യം കൈവരിയ്ക്കാതെ പാതി വഴിയിൽ മുടങ്ങി പോകുകയോ ചെയ്യുന്നു. തോടുകളുടെ ആഴം കൂട്ടി ഭൂവസ്ത്രം വിരിച്ച് ബലപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ ഭൂവസ്ത്രത്തിന്റെ ലഭ്യത ഉറപ്പു വരുത്താതെ പദ്ധതി രൂപീകരിച്ചതിനാൽ, കാട് വെട്ടിമാറ്റൽ, തോട് ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ.

4. മെമോ ഓഫ് പേയ്മെന്റ് തയ്യാറാക്കുന്നില്ല

അളവു പുസ്തകങ്ങളിൽ മെമോ ഓഫ് പേയ്മെന്റ് തയ്യാറാക്കി തുക സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് ഇത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന ഏതാനും ഫയലുകളിൽ ഇത് എഴുതിച്ചേർത്തുവെങ്കിലും സാക്ഷ്യപ്പെടുത്തിയില്ല.

5. പരാതി രജിസ്റ്റർ കൃത്യമല്ല

തൊഴിലുറപ്പു പദ്ധതി സംബന്ധിച്ച് ലഭിച്ച പരാതികൾ കൃത്യമായി രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല. പരാതി സംബന്ധമായ ഫയലുകൾ സൂക്ഷിക്കുന്നുമില്ല.

പ്രത്യേക നിരീക്ഷണം

അനർഹമായ തുക അഡ്മിൻ ഫണ്ടായി പിൻവലിച്ചു

ഭരണിക്കാവ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ 05.07.2018 ലെ D.907.B1/17 നം കത്ത് പ്രകാരം പാലമേൽ പഞ്ചായത്തിന് 04.07.2018 ൽ അനുവദിച്ച അഡ്മിൻ ഫണ്ട് 136212/- രൂപയാണെന്നിരിക്കെ 492000/- രൂപ പിൻവലിച്ചതായി അറിയിച്ചിരുന്നു. അനുവദിച്ച അഡ്മിൻ ഫണ്ടിനേക്കാൾ 355788/-രൂപ അധികമായി പിൻവലിച്ചത് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പാലമേൽ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനു ശേഷം മാത്രമാണ് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചത്. അധികമായി പിൻവലിച്ച തുക ചെക്ക് നം. 387733/23.072018 പ്രകാരം എസ്.ബി.ഐ യുടെ ചാരുംമൂട് ബ്രാഞ്ചിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ പേർക്ക് തിരികെ അടച്ചു.

മേൽ വിഷയം സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.06/24.11.20120) മറുപടിയിൽ തൊഴിലുറപ്പ് ഓഫീസിൽ ആകെ ഒരു കമ്പ്യൂട്ടർ മാത്രമാണുണ്ടായിരുന്നതെന്നും അക്കാലയളവിലെ സെക്രട്ടറിയായ ശ്രീമതി. ലതികയുടെ നിർദ്ദേശ പ്രകാരമാണ് രണ്ട് കമ്പ്യൂട്ടർ, രണ്ട് പ്രിന്റർ, രണ്ട് സ്കാനർ എന്നിവ വാങ്ങുന്നതിനായി അഡ്മിൻ ഫണ്ടിൽ നിന്നും അധികമായി തുക പിൻവലിച്ചതെന്നും അറിയിച്ചു. എന്നാൽ ഇപ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും രേഖാമൂലം ആവശ്യപ്പെട്ടു കൊണ്ട് തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ അപേക്ഷ സമർപ്പിയ്ക്കുകയോ ഇവ വാങ്ങുവാൻ കമ്മിറ്റി തീരുമാനമെടുക്കുയോ ചെയ്യാത്ത സാഹചര്യത്തിൽ ഇപ്രകാരം അധികമായി തുക പിൻവലിച്ചതിലെ

സാംഗത്യം വ്യക്തമല്ല. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പഞ്ചായത്ത് അധികൃതരുടെ കൃത്യമായ മേൽനോട്ടം അനിവാര്യമാണ്. ഓഡിറ്റിന്റെ പരിമിതമായ സമയ പരിധിയ്ക്കുള്ളിൽ ലഭ്യമായ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പാലമേൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് വിഭാഗം മുഖേന നടപ്പാക്കുന്ന പല പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതി നിയമം വിഭാവനം ചെയ്യുതോ അനുശാസിയ്ക്കുന്ന രീതിയിലോ അല്ല എന്നു വ്യക്തമാണ്. മേൽ വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം ശുപാർശ ചെയ്യുന്നു.

# 1-23 ഡിസ്പ്ലേ ബോർഡ് സ്ഥാപിയ്ക്കാതെ അതിനായി തുക പിൻവലിച്ചു

2018-19 കാലയളവിൽ നടപ്പാക്കിയ 41 പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിച്ചതിന് 1,89,000/- രൂപ മേറ്റുമാരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ബോർഡ് സ്ഥാപിച്ചതിനു തുക പിൻവലിച്ചതായി രേഖപ്പെടുത്തിയ ഫയലുകളിൽ ഒന്നും തന്നെ ഡിസ്പ്ലേ ബോർഡ് മേറ്റുമാർ സ്വന്തം നിലയ്ക്ക് സ്ഥാപിച്ചതായോ മറ്റാരെയെങ്കിലും ബോർഡ് സ്ഥാപിയ്ക്കുന്നതിന് കരാർ ഏൽപ്പിച്ചതായോ കാണുന്നില്ല. പ്രവൃത്തി സ്ഥലത്ത് ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന്റെ ഫോട്ടോ ഫയലിൽ ചേർത്തിട്ടില്ല. മേറ്റുമാർ തുക പിൻവലിച്ച് ബോർഡ് സ്ഥാപിച്ച വ്യക്തിയ്ക്ക് പണമായി കൈമാറി എന്നാണ് തൊഴിലുറപ്പ് വിഭാഗം ജീവനക്കാർ അറിയിച്ചത്. എന്നാൽ ഇത് ആർക്കാണ് നല്കിയത് എന്ന് രേഖാമൂലം അറിയിച്ചുമില്ല. 1000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ പണമിടപാടുകളും ബാങ്ക് അക്കൗണ്ട് മുഖേനയായിരിക്കണമെന്ന വ്യവസ്ഥയും ലംഘിക്കപ്പെട്ടു. ഇക്കാരണത്താൽ യഥാർത്ഥത്തിൽ ബോർഡ് സ്ഥാപിച്ചിട്ടു തന്നെയാണോ തുക മേറ്റുമാരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചത് എന്നതിൽ വ്യക്തതയില്ല.

വ്യക്തമായ രേഖകളുടെ അഭാവത്തിൽ ബോർഡിന് തുക അനുവദിച്ച ഏതാനും പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എം.ബുക്ക് നമ്പർ | ബോർഡിന് അനുവദിച്ച തുക |
|---|---|---|
| വാർഡ് -4 നീർത്തട ജലസംരക്ഷണ പ്രവൃത്തികൾ മൺകയ്യാല /കല്ലു കയ്യാല തീറ്റപ്പുൽ വച്ചു പിടിപ്പിക്കൽ | PP/177/18-19/20.12.2018 | 4000/- |
| വാർഡ്-1 കളിമംഗലം വെട്ടത്തേരി നടുതോട് ആഴം കൂട്ടൽ | PP/27/18-19/16.04.2018 | 4000/- |
| വാർഡ്-10 ആലത്തിനാൽ തോട് ആഴം കൂട്ടൽ | PP/25/18-19/16.04.2018 | 4000/- |
| KIPകനാൽ ജലസേചന സൗകര്യം ഒരുക്കൽ വഞ്ചീശ്വരം ഡിസ്ട്രി | PP/286/18-19/19.11.2018 | 5000/- |
| വാർഡ്-4 അരുണിത്തറ മുകുളംപുറം തോട് ആഴംകൂട്ടി ഭവസ്ത്രം വിരിക്കൽ | PP/44/18-19 | 4000/- |
| വാർഡ്-4 കുറ്റിയിൽ താഴ്വാരം കുരുമ്പോലിൽ വാക്ക് തോട് | PP/43/18-19 | 4000/- |

മേൽ വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# 1-24 തണ്ടാനവിള കിഴക്കേമുക്ക് കടമാൻകുളം റോഡ് മെറ്റലിംഗ്,ടാറിംഗ് - പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചില്ല - PWD മാനുവൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തണ്ടാനവിള കിഴക്കേമുക്ക് കടമാൻകുളം റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പി.ഡബ്ല്യൂ.ഡി മാനവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 134/17 |
| കരാർ നം. | 44/AE/PP/16-17/24.03.17 |
| എസ്റ്റിമേറ്റ്തുക | 839416 |
| പി.എ.സി | 679255 (839416-19.08%) |
| ചെലവ് തുക | 669266 (ബിൽ നം.15/23.5.18) |
| കരാറുകാരന്റെ പേര് | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| എം. ബുക്ക് നം. | 56/17-18 |

ടെണ്ടർ നോട്ടീസ് പ്രകാരം 2 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. കരാർ ചമച്ച 24.03.17 ൽ തന്നെ സൈറ്റ് കൈമാറിയിട്ടുമുണ്ട്. എന്നാൽ ആദ്യ അളവ് രേഖപ്പെടുത്തിയത് തന്നെ 14.12.2017 ലാണ്. എം ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 20.03.2018 ലുമാണ്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് PWD മാനുവൽ സെക്ഷൻ 2116.1 പ്രകാരം അധികമായി എടുക്കുന്ന ഓരോ ആഴ്ചക്കും PACയുടെ 0.1% നിരക്കിൽ (പരമാവധി 10%) തുക ലിക്വിഡേറ്റഡ് ഡാമേജും (കോമ്പൻസേഷൻ) ഈടാക്കേണ്ടതാണ്. 6 മാസം വൈകി പ്രവൃത്തി ആരംഭിക്കുകയും വീണ്ടും 6 മാസത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചതെങ്കിലും യാതൊരു നടപടികളും കരാറുകാരന് മേൽ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടി റോഡിൽ തന്നെ പാർശ്വഭിത്തി കെട്ടി മണ്ണ് നിറക്കുന്ന മറ്റൊരു പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നെന്നും പിന്നീട് സ്ഥലത്തുണ്ടായ തർക്കം, ക്വാറി സമരം, തുലാവർഷം എന്നിവ കാരണമാണ് യഥാസമയം നിർമ്മാണം പൂർത്തീകരിക്കാഞ്ഞതെന്നും, പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തത് കരാറുകാരന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയല്ലാത്തതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്നും മുൻ കാലളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരുന്നു. എന്നാൽ കരാറുകാരൻ കാലയളവ് ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകുകയോ പഞ്ചായത്ത് കമ്മറ്റി കരാർ കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാർ ചമച്ച് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത് എന്നതിനാൽ മേൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ പി.എ.സി യുടെ 3% തുകയായ (679255x3%) 20378/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-25 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം ആരംഭിച്ച ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം ഓഡിറ്റ് കാലയളവിലും (11/2020)പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 143/18 |
| കരാർ നം | 46/AE/PP/17-18/31.03.18 |
| എസ്റ്റിമേറ്റ്തുക | 2000000 |
| പി.എ.സി | 1820680 |
| കരാറുകാരന്റെ പേര് | അജിത്ത്.എസ് |
| എം. ബുക്ക് നം. | 145/17-18 |
| ചെലവ് തുക | 1045639 (പാർട്ട് ബില്ല്) |

അപാകതകൾ താഴെ കൊടുക്കുന്നു.

1.ടെണ്ടർ നോട്ടീസ് പ്രകാരം 6 മാസമായിരുന്നു പൂർത്തീകരണ കാലയളവ്. കരാർ ചമച്ച 31.03.2018 ൽ തന്നെ സൈറ്റ് കൈമാറിയിട്ടുമുണ്ട്. എന്നാൽ ആദ്യ അളവ് രേഖപ്പെടുത്തിയത് തന്നെ 03.07.2018 ലാണ്. 2018-19 കാലയളവിൽ പാർട്ട് ബില്ലാണ് അനുവദിച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചു നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.

2. മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അളവുപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3.ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയായിരുന്നു ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഇതിനുള്ള പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

മേൽ പറഞ്ഞിരിക്കുന്നവയ്ക്ക് വിശദീകരണം/രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, നിലവിൽ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം 2019-2020 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ പൂർത്തീകരിച്ചെന്നും ടി പ്രവൃത്തിയുടെ അളവുകൾ 335/18-19, 342/18-19 നമ്പർ എം. ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ എം. ബുക്കുകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. ടി പ്രവൃത്തിയുടെ ഭാഗമായുള്ള ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന് കത്തയച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. അതിർത്തി തർക്കം

ഉണ്ടായിരുന്നതിനാൽ പ്രവൃത്തി ജൂലൈ മാസത്തോട്ടു കൂടിയാണ് പുനരാരംഭിച്ചതെന്നും കരാറുകാരന്റേതല്ലാത്ത കാരണത്താലാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാഞ്ഞതെന്നുമാണ് ടി കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാനുവൽ അനുശാസിക്കും പ്രകാരം പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്യേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പൊതുമരാമത്ത് മാനുവലിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 വനിതകൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനത

പ്രോജക്ട് നമ്പർ - S0065/19

അടങ്കൽ - 1330000/- (വികസനഫണ്ട് - സാധാരണവിഹിതം)

ബിൽ നമ്പർ - 21/07.03.2019 – 1,40,000/-

ബിൽ നമ്പർ - 23/07.03.2019-70,000/-

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പതിമൂന്നാം പദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക 6-4-7 (എ) പ്രകാരം ഓട്ടോറിക്ഷാ വാങ്ങുന്നതിന് മുൻപായി തന്നെ ഗുണഭോക്താക്കൾ ബാഡ്ജ് കരസ്ഥമാക്കിയിരിക്കണം. എന്നാൽ പ്രോജക്ടിലുൾപ്പെടുത്തി ഓട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ച ശ്രീമതി റുബീനയുടെ 31/8150/2015 തീയതി 07.02.2019 നമ്പർ ഡ്രൈവിങ് ലൈസൻസും ശ്രീമതി ആര്യയുടെ 31/5491/2017 തീയതി 29.11.2018 നമ്പർ ഡ്രൈവിങ് ലൈസൻസും പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കും ബാഡ്ജ് ലഭിച്ചിരുന്നില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ബാഡ്ജ് ലഭിയ്ക്കാത്ത ആൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ഓഡിറ്റ് അന്വേഷണം മൂലം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ സർക്കാർ പുറപ്പെടുവിയ്ക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

# 1-27 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിയ്ക്കുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL31 A 7965 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പരിശോധനയിൽ വ്യക്തമായി. പല തീയതികളിലും യാത്ര ചെയ്യുന്ന ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല. വാഹനത്തിന്റെ ഇന്ധന ക്ഷമത പരിശോധിച്ച് പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും വാങ്ങി വിവരവും ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

ഓരോ മാസവും മുന്നിരിപ്പുണ്ടായിരുന്നതും തൻമാസം ഉപയോഗിച്ചതും, നീക്കിയിരിപ്പുള്ളതുമായ ഇന്ധനത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതും, വാഹന കസ്റ്റോഡിയൻ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും നാളിതുവരെ ഒരു അബ്സ്ട്രാക്ട് തയ്യാറാക്കിയിട്ടില്ല. ഇതു മൂലം വാഹനത്തിന്റെ ആവശ്യത്തിലേക്കായി വാങ്ങുന്ന ഇന്ധനത്തിന്റെ അളവിന് അനുസൃതമായാണോ വാഹനം ഓടുന്നതെന്നും, ഓരോ മാസവും വാഹനത്തിൽ മിച്ചമുള്ള ഇന്ധനത്തിന്റെ അളവ് എത്രയെന്നും പരിശോധിച്ച് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതു കൂടാതെ വാഹന പരിപാലനവുമായി ബന്ധപ്പെട്ട മറ്റു രജിസ്റ്ററുകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.06.2007-ലെ ജി.ഒ (എം.എസ്) 170/2007 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. വാഹനങ്ങളുടെ ഉപയോഗം സംരക്ഷണം നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്. വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് കസ്റ്റോഡിയൻ ഓഫീസറുടെ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.11.20) മറുപടി ലഭ്യമാക്കിയില്ല.

ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കാത്തത് വാഹനത്തിന്റെ ദുരുപയോഗത്തിന് വഴിവെക്കുമെന്നതിനാൽ ലോഗ് ബുക്ക് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനും, വാഹന പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശ പ്രകാരമുള്ള മറ്റു രജിസ്റ്ററുകൾ സൂക്ഷിക്കുവാനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 1-28 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും വിവിധ കാലയളവുകളിൽ അനുവദിച്ച ചുവടെ പട്ടികയിൽ ഉള്ള മുൻകൂർ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. ജി.ഒ (പി)419/2011 ധനം/4.10.2011 ഉത്തരവിൽ മൂന്നു മാസത്തിനകം അഡ്ജസ്റ്റ് ചെയ്യാത്ത മുൻകൂറുകൾ, 18% പലിശ സഹിതം തുക കൈപ്പറ്റിയ വ്യക്തിയിൽ നിന്നും ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നു.

| വൗച്ചർ നം./തീയതി | ഇനം | അഡ്വാൻസ് കൈപ്പറ്റിയ വ്യക്തി | തുക |
|---|---|---|---|
| 21600382/07.09.2016 | ഓണം അഡ്വാൻസ് | ജ്യോതി.എസ് , അക്കൗണ്ടന്റ് | 3000 |
| 21600381/07.09.2016 | ഓണം അഡ്വാൻസ് | ബിജുരാജ്.എം.എ, സെക്രട്ടറി | 6000 |
| 21700172/12.06.2017 | ശുചിത്വമിഷൻ ഫണ്ടിൽ കുറവു വന്ന തുക | എം.ഒ. പി.എച്ച്.സി | 59090 |
| 21800807,808,809,810/13.02.2019 | തൊഴിലുറപ്പ് ജീവനക്കാരുടെ ശമ്പളം | തൊഴിലുറപ്പ് ജീവനക്കാർ | 82000 |
| 21800872,873,874,875/21.03.2019 | തൊഴിലുറപ്പ് ജീവനക്കാരുടെ ശമ്പളം | തൊഴിലുറപ്പ് ജീവനക്കാർ | 77750 |
| ആകെ | | | 227840 |

അഡ്വാൻസ് ക്രമീകരിയ്ക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.23/27.11.2020 ന് മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസ് ക്രമീകരിയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-29 ഗ്രാന്റ് തുകകൾ യഥാസമയം ചെലവഴിക്കപ്പെടുന്നില്ല.

വാർഷിക കണക്കിലെ B4 പത്രിക പ്രകാരം താഴെ പറയും പ്രകാരമുള്ള തുകകൾ ഗ്രാമപഞ്ചായത്തിൽ നീക്കിയിരുപ്പായി കാണുന്നു. വിവിധ പദ്ധതികൾക്കായി കേന്ദ്ര സംസ്ഥാന ഗ്രാന്റുകളായി ലഭിച്ച തുകകളാണ് ഇപ്രകാരം നീക്കിയിരുപ്പായുള്ളത്.

| ഫണ്ടുകളുടെ വിവരം | തുക |
|---|---|
| സമ്പൂർണ്ണ ശുചിത്വം | 1821085 |
| ഐ.സി.ഡി.എസ് | 597336 |
| ശുചിത്വമിഷൻ | 2629810 |
| വിമുക്തി | 68010 |
| മറ്റ് ഗ്രാന്റുകൾ | 1274314 |
| നിർമൽ പുരസ്കാർ | 395000 |
| ആകെ | 6785555 |

മറ്റ് ഗ്രാന്റുകൾക്കായി സൂക്ഷിക്കേണ്ടുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ വർഷങ്ങളിലായി ലഭിച്ച ഫണ്ടാണെന്ന് വ്യക്തമല്ല. ലഭ്യമായ തുകകൾ ജനോപകാരപ്രദമായ പ്രവൃത്തികൾക്കായി ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതായ സാഹചര്യം ഉണ്ടാകുന്നതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് ഭവനപദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണത്തിനായി മൂന്ന് പ്രോജക്ടുകളും പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി രണ്ട് പ്രോജക്ടുകളും 2018-19 വർഷം നടപ്പിലാക്കി. ജനറൽ വിഭാഗക്കാർക്കുള്ള പദ്ധതിയിൽ 126 വീടുകൾ നിർമ്മിയ്ക്കുന്നതിന് ലക്ഷ്യമാക്കിയിരുന്നത്. ഇതിൽ 115 പേർ കരാർ വച്ചിരുന്നതിൽ 46 പേർ തൻവർഷം ഭവനനിർമ്മാണം പൂർത്തീകരിച്ചു. അവശേഷിയ്ക്കുന്നവർ 2019-20 വർഷം നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

എസ്.സി. വിഭാഗക്കാർക്കുള്ള പദ്ധതിയിൽ 46 വീടുകൾ നിർമ്മിയ്ക്കുന്നതിന് ലക്ഷ്യമാക്കിയിരുന്നത്. ഇതിൽ 40 പേർ കരാർ വച്ചിരുന്നതിൽ 37 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ശാന്തമ്മ, പുത്തൻകുറ്റിയിൽ, സുനിൽ, ചിറയുടെ മേലതിൽ, കൊച്ചുരാമൻ, പനപ്പുറത്ത് എന്നീ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ഇവർ 3,00,000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. ഇവരുടെ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. എസ്.റ്റി. വിഭാഗം ഗുണഭോക്താവ് കരാർ വെച്ച് പണി ആരംഭിയ്ക്കുവാൻ താമസിച്ചതിനാൽ 2018-19 – ൽ നിർമ്മാണം പൂർത്തീകരിച്ചില്ല. ടിയാന്റെ നിർമ്മാണം 2019-20 ൽ പൂർത്തീകരിച്ചിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കായി തൻവർഷം വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വകയിരുത്തിയ തുക | | | ചെലവഴിച്ച തുക | | |
|---|---|---|---|---|---|---|
| | ജനറൽ. | എസ്. സി. | എസ്.റ്റി | ജനറൽ. | എസ്. സി. | എസ്.റ്റി |
| ഗ്രാമപഞ്ചായത്ത് | 4456200 | 2722200 | 151000 | 4456200 | 2722200 | 40000 |
| ജില്ലാ പഞ്ചായത്ത് | 1513856 | 3729750 | | 1510000 | 1881111 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 1740861 | 1216689 | 249000 | 1213800 | 1216689 | -- |
| ഹഡ്കോ ലോൺ | 43139083 | 10453481 | -- | 18742706 | 4000000 | -- |
| തനത് ഫണ്ട് | 1280000 | -- | -- | 1080000 | -- | -- |

## 1-31 അഗതി ആശ്രയ പദ്ധതി - അവലോകനം

പാലമേൽ ഗ്രാമപഞ്ചായത്ത് കുടുബശ്രീ മുഖേന നടത്തിവരുന്ന അഗതി ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 42 പേരും രണ്ടാം ഘട്ടത്തിൽ 75 പേരും ഗുണഭോക്താക്കളുണ്ടായിരുന്നു. തുടർന്ന് പഞ്ചായത്തിലെ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഗുണഭോക്താക്കളെയും പുതുതായി കണ്ടെത്തിയ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി 185 പേരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കി അഗതിരഹിത കേരളം പദ്ധതി 2018 ഫെബ്രുവരിയിൽ ആരംഭിച്ചു. ഇതിൽ 14 പേർ മരണപ്പെട്ടു. നിലവിൽ 171 പേർ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുന്നു.

പദ്ധതിയ്ക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഘട്ടം | തുക ലഭിച്ച വർഷം | ഫണ്ട് | വകയിരുത്തൽ | ചെലവഴിച്ചത് | കുറിപ്പ് |
|---|---|---|---|---|---|
| ഒന്ന് | 2005 | വികസന ഫണ്ട് | 922704 | 922704 | |
| | | ചലഞ്ച് ഫണ്ട് | 1000000 | 1000000 | |
| | 2016-17 | ജില്ലാ പഞ്ചായത്ത് (ആശ്രയ ഭവന നിർമ്മാണം) | 2200000 | 2200000 | |
| രണ്ട് | 2017-18 | ചലഞ്ച് ഫണ്ട് | 410060 | 182586 | 227474 (ഈ തുക 2018-19 ൽ ചെലവഴിച്ചു) |
| | 2018-19 | ജില്ലാ പഞ്ചായത്ത് (ആശ്രയ ഭവന നിർമ്മാണം) | 900000 | 900000 | ഭവന നിർമ്മാണം 2019-20 ൽ പൂർത്തീകരിച്ചു |
| | | വികസന ഫണ്ട് | 300000 | 300000 | |

| | | | | | |
|---|---|---|---|---|---|
| അഗതി രഹിത കേരളം പദ്ധതി | 02/2018 | ചലഞ്ച് ഫണ്ട് | 899773 | 839780 | 09/2020 വരെയുള്ള ചെലവ് |
| | | ആശ്രയ ഭവന നിർമ്മാണം | 300000 | 300000 | |

ഗ്രാമ പഞ്ചായത്ത് സി.ഡി.എസ് പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കുന്ന അഗതി ആശ്രയ പദ്ധതിയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. അതിജീവനാവശ്യങ്ങൾ, ഭവന നിർമ്മാണം, മെഡിക്കൽ ക്യാമ്പ് എന്നിവ പദ്ധതിയിലൂടെ നടപ്പാക്കി വരുന്നു. സമൂഹത്തിലെ ഏറ്റവും ദരിദ്രാവസ്ഥയിൽ കഴിയുന്ന അഗതി -ആശ്രയ ഗുണഭോക്താക്കൾക്ക് നിലവിൽ ലഭ്യമാക്കുന്നതിലും മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

* (സി.ഡി.എസ് മെമ്പർ സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം. 11/27.11.2020 ന് ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്).

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 212480 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 212480 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2774148 | ലൈഫ് വീട് നിർമ്മാണം (ജനറൽ) | 2430489 | 343659 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 5400152 | | 3703591 | 1696561 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ചെക്ക്/ ബിൽ.നം. തീയതി. | നൽകിയ തുക. | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എസ് .സി. കോളനി കളിൽ കുടിവെള്ള പദ്ധതി | 05/24.12.2018 | 1910000 | - | 1910000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 2763112/28.03.2019 | 675000 | - | 675000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 05.01.2019 | 5682706 | | | | 22742706 |
| | 28.03.2019 | 11720000 | | | | |
| | 30.03.2019 | 5340000 | | | | |
| | | 22742706 | | | | |
| ഇ. എം. എസ് ഹൗസിംഗ് ലോൺ | 30.06.2018 | -- | 3188313 * | 1887300 | | 1301013 |

*2017-18 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1218225/- രൂപയാണ് തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുകയായി കാണിച്ചിട്ടുള്ളത്. പാസ് ബുക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരമാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-5 സ്ഥിര നിക്ഷേപം

-- ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2017-18 | 3-12 | 8000 | ശ്രീമതി സിജു സൂസൻ ജോർജ്ജ്, കൃഷി ഓഫീസർ | 118010104774/ 06.02.2019 | തുക ഒടുക്കിയത് 2017-18 ഓഡിറ്റിന്റെ ഭാഗമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 141540002 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109614393 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5050 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2585000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(1) | 5050 | കെ.എസ് ഷീബ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 19,100,00 | ശ്രീമതി നാസില. സി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 675000 | ശ്രീ. മണിയപ്പൻ.പി.വി, സെക്രട്ടറി |
| ആകെ | 2585000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-22

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. മണിയപ്പൻ.പി.വി, സെക്രട്ടറി | സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത് | പുത്തൻ തറ, എഴുപുന്ന തെക്ക് പി.ഒ, ചേർത്തല |
| ശ്രീമതി നാസില. സി.എ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | കുരിക്കളത്ത് വീട്, വലിയ മരം വാർഡ്, ആലപ്പുഴ |

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823/16/28.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി 6/1332/16/02.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# <u>അനുബന്ധം.1</u>

നം. കെ.എസ്.എ-എ.എൽ.പി-പി.3/807/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email:doalp.ksad@kerala.gov.in

തീയതി: 30.12.2020

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ